# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 11/05/ 2020

## ക്വാറന്റൈൻ ലംഘനം തടയാൻ കർശന നിരീക്ഷണവുമായി കൊല്ലം സിറ്റി പോലീസ്

കൊല്ലം : വിദേശ രാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും വിമാനങ്ങളിലും മറ്റ് മാർഗ്ഗങ്ങളിലും മലയാളികൾ വന്ന് തുടങ്ങിയതോടെ കൊവിഡ്-19 വ്യാപനം തടയുന്നതിനായി സർക്കാർ ഏർപ്പെടുത്തിയ ക്വാറന്റൈൻ നിയന്ത്രണങ്ങൾ പൊതുജനങ്ങൾ പാലിക്കുന്നു എന്നുറപ്പ് വരുത്താൻ കടുത്ത ജാഗ്രതയുമായി സിറ്റി പോലീസ്. മാനദണ്ഡങ്ങളും നിർദേശങ്ങളും ലംഘിക്കുന്ന വർക്കെതിരെ ശക്തമായ നിയമ നടപടികളാണ് പോലീസ് കൈക്കൊണ്ട് വരുന്ന ത്.സർക്കാർ നിർദേശം ലംഘിച്ച് മാസ്ക് ധരിക്കാതെ പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 96 പേർക്കെതിരെയും ലോക്-ഡൗൺ മാനദണ്ഡങ്ങൾ ലംഘിച്ച് വാഹനങ്ങളിൽ സഞ്ചരിച്ചതിനും പൊതുസ്ഥലങ്ങളിൽ കൂട്ടം കൂടിയതിനും 184 കേസുകളും രജിസ്റ്റർ ചെയ്ത് 215 പേരെ അറസ്റ്റ് ചെയ്യുകയും 149 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ റെയിൽവേ സ്റ്റേഷന് മുന്നിൽ പ്രതിഷേധം സംഘടിപ്പിച്ച 4 കെ.എസ്.യു പ്രവർത്തകരേയും ഹെഡ് പോസ്റ്റ് ഓഫീസിന് മുന്നിൽ ആട്ടോ ടാക്സികൾക്ക് യാത്രാനുമതി നൽകണമെന്നാവശ്യപ്പെട്ട് പ്രതിഷേധിച്ച 4 കോൺഗ്രസ്സ് പ്രവർത്തക രേയും പോലീസ് അറസ്റ്റ് ചെയ്യുകയും എ.ഐ.റ്റി.യു.സി പ്രവർത്തകരായ 3 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. കൊല്ലം കോർപ്പറേഷൻ ഓഫീസിന് മുന്നിൽ പ്രതിഷേധ പരിപാടി സംഘടിപ്പിച്ച് പ്ലക്കാർഡ് സമരം നടത്തി യതിന് 10 ബി.ജെ.പി പ്രവർത്തകർക്കെതിരേയും അഴീക്കൽ ഹാർബറിൽ പ്രതിഷേധ പരിപാടി സംഘടിപ്പിച്ച 14 മത്സ്യത്തൊഴിലാളി കോൺഗ്രസ്സ് പ്രവർത്തകർക്കെതി രേയും പോലീസ് കേസ് രജിസ്റ്റർ ചെയ്തു.കൊല്ലം ഹെഡ് പോസ്റ്റ് ഓഫീസിന്

മുന്നിലും പാരിപ്പള്ളി ജംഗ്ഷനിലും പ്രതിഷേധ പരിപാടി സംഘടിപ്പിച്ചതിന് എ.ഐ.റ്റി.യു.സി പ്രവർത്തകരായ 5 പേരെ അറസ്റ്റ് ചെയ്യുകയും 3 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു.കൊല്ലം കളക്ട്രേറ്റിന് മുന്നിൽ വിവിധ ആവശ്യങ്ങളുന്നയിച്ച് പ്രതിഷേധ പരിപാടി സംഘടിപ്പിച്ചതിന് 6 കെ.എസ്.യു പ്രവർത്തകരേയും 7 യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരേയും 5 മത്സ്യത്തൊഴിലാളി കോൺഗ്രസ്സ് പ്രവർത്തകരേയും 5 ആട്ടോ ടാക്സി തൊഴിലാളികളേയും കോയിക്കൽ കോർപ്പറേഷൻ സോണൽ ഓഫീസിന് മുന്നിൽ പ്രതിഷേധ പരിപാടി സംഘടിപ്പിച്ച 5 ബി.ജെ.പി പ്രവർത്തകരേയും ചവറ തെക്കുംഭാഗം ചേനങ്കരയിൽ പ്രതിഷേധ പരിപാടി സംഘടിപ്പിച്ചതിന് 4 ആർ.എസ്.പി പ്രവർത്തകരേയും പോലീസ് അറസ്റ്റ് ചെയ്തു. വിദേശരാജ്യങ്ങളിൽ നിന്നും ഇതര സംസ്ഥാനങ്ങളിൽ നിന്നും തിരികെയെത്തി ഗൃഹ നിരീക്ഷണത്തിലും സർക്കാർ നിരീക്ഷണ കേന്ദ്രങ്ങളിലും കഴിയുന്നവർ യാതൊരു കാരണവശാലും ക്വാറന്റൈൻ കേന്ദ്രങ്ങളിൽ നിന്നും പുറത്തേക്ക് പോകരുതെന്നും സർക്കാർ നൽകിയ മാർഗ നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണെന്നും ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ നാരായണൻ റ്റി ഐ.പി.എസ് അറിയിച്ചു.